(ഡി) ചിലരുടെ നിയമനം ട്രാൻസ്ഫർ ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരത്തിൽ അന്തർവകുപ്പ് സ്ഥലമാറ്റം വാങ്ങി ഇൻഷ്വറൻസ് വകുപ്പിൽ എൽ.ഡി. ക്ലാർക്ക് ആയി നിയമിതനായ ശ്രീ. എൻ. സി. ഹരീഷിനെ പേരന്റ് ഡിപ്പാർട്ടുമെന്റിലേക്ക് തിരിച്ചയച്ചുകൊണ്ട് ജി.ഒ. (ആർ‌റ്റി.) 4017/04/ധന. തീയതി 8-6-2004 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അന്തർവകുപ്പ് സ്ഥലംമാറ്റം വഴി ഇൻഷ്വറൻസ് വകുപ്പിൽ നിയമിതരായ മറ്റുള്ളവരുടെ കാര്യം പരിശോധിച്ച് ഗവൺമെന്റിലേക്ക് റിപ്പോർട്ട് നൽകാൻ ഇൻഷ്വറൻസ് ഡയറക്ടറോടാവശ്യപ്പെട്ടിട്ടുണ്ട്. ഇൻഷ്വറൻസ് ഡയറക്ടറുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അനന്തര നടപടി കൈക്കൊള്ളുന്നതാണ്.

(ഇ) ഉണ്ട്. യൂണിവേഴ്സിറ്റി അപ്പലേറ്റ് ട്രിബ്യൂണലിൽ നിന്നും ഇന്റർ ഡിപ്പാർട്ടുമെന്റ് ട്രാൻസ്ഫർ വാങ്ങി വന്ന ശ്രീ. എൻ. സി. ഹരീഷിന്റെ നിയമനം സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമാണെന്നും ആയതിനാൽ ശ്രീ. ഹരീഷിന്റെ സ്ഥലംമാറ്റം റദ്ദു ചെയ്യണമെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് ആവശ്യപ്പെട്ടതിനാൽ ശ്രീ. ഹരീഷിന്റെ നിയമനം റദ്ദു ചെയ്തുകൊണ്ട് 8-6-2004-ൽ സർക്കാർ ഉത്തരവ് (ആർ‌റ്റി.) നം. 4017/04/ധന. നം. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ശ്രീ. ഹരീഷ് ഈ ഉത്തരവിനെതിരെ ഹൈക്കോടതിയിൽ നിന്നും സ്റ്റേ സമ്പാദിച്ചിട്ടുണ്ട്.

ധനകാര്യ വകുപ്പിന്റെ പരിശോധന

28 [1160] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ സാമ്പത്തിക വർഷവും അതിനുശേഷം നാളിതുവരെയും ധനകാര്യ വകുപ്പ് ഏതെല്ലാം വകുപ്പുകളിൽ പരിശോധന നടത്തി എന്നും എത്ര പ്രാവശ്യം പരിശോധന നടത്തിയെന്നും വ്യക്തമാക്കുമോ;

(ബി) ധനകാര്യ വകുപ്പ് നടത്തിയ പരിശോധനയിൽ ഏതെല്ലാം വകുപ്പുകളിൽ ക്രമക്കേട് കണ്ടെത്തിയെന്നും അവ ഏതു തരത്തിലുള്ളവയായിരുന്നുവെന്നും വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ പരിശോധനയിൽ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് ഏതെല്ലാം വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്തുവെന്നും ആയത് എന്നാണ് എന്നും വ്യക്തമാക്കുമോ;

(ഡി) ധനകാര്യ വകുപ്പ് ശുപാർശപ്രകാരം നാളിതുവരെ ആർക്കെങ്കിലുമെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിവരം ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൃഷി, ജലവിഭവ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, റവന്യൂ, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം, നികുതി, ഗതാഗതം, ആരോഗ്യം, വിദ്യാഭ്യാസം, വ്യവസായം, തൊഴിൽ, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളിൽ നിരവധി തവണ പരിശോധന നടത്തിയിട്ടുണ്ട്.

(ബി) വിവിധ വകുപ്പുകളിലായി ധനദുർവിനിയോഗം, ധനാപഹരണം, ധനവിനിയോഗത്തിലെ ക്രമക്കേടുകൾ, ഓഫീസ് നടപടി ക്രമങ്ങളിലെ വീഴ്ച, പദ്ധതി നടത്തിപ്പിലെ വീഴ്ചയും, ക്രമക്കേടും, ദിവസവേതനക്കാരെ നിയമിച്ചതിലെ ക്രമക്കേട്, കൃത്രിമരേഖകൾ ചമച്ച് വായ്പ നൽകിയത്, അനാവശ്യ വിദേശയാത്ര, സാമ്പത്തിക തട്ടിപ്പ്, പണികളിൽ ക്രമക്കേട്, സർക്കാർ വാഹനങ്ങളുടെ ദുർവിനിയോഗം, സാധനങ്ങൾ വാങ്ങുന്നതിലെ ക്രമക്കേട്, ടെണ്ടർ സംബന്ധമായ ക്രമക്കേട്, സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കൽ, അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കൽ തുടങ്ങിയ വിവിധ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

(സി) 2001 മെയ് മുതൽ 2004 വർഷം ഇതുവരെയുള്ള കാലയളവിൽ ആരോഗ്യം, ട്രഷറി, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, ഗ്രാമവികസനം, മത്സ്യബന്ധനം, തദ്ദേശസ്വയംഭരണം, നികുതി, വ്യവസായം, കൃഷി, മൃഗസംരക്ഷണം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, പൊതുമരാമത്ത്, സാംസ്കാരികം, വനം, പുരാവസ്തു, റവന്യൂ, ജലവിഭവം, തൊഴിൽ, വിനോദസഞ്ചാരം, ഉന്നത വിദ്യാഭ്യാസം, ദേശീയ സമ്പാദ്യം, ട്രഷറി, വാണിജ്യ നികുതി, വിജിലൻസ്, സഹകരണം, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്, ആയുർവേദം, മത്സ്യബന്ധനം, ടൂറിസം, ശാസ്ത്ര സാങ്കേതികം, ഗതാഗതം തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെ അന്വേഷണ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ തുടർ നടപടി സ്വീകരിക്കേണ്ടത് അതാത് ഭരണവകുപ്പുകളാണ്. എന്നാൽ കൈക്കൊണ്ട നടപടികളെക്കുറിച്ച് യഥാസമയം ഭരണവകുപ്പിൽനിന്ന് വിവരം ലഭിക്കാറില്ല.

ധനകാര്യ വകുപ്പിന്റെ കീഴിലുള്ള വിവിധ നികുതി പിരിവ് ഏജൻസികളുടെ ഓഫീസിൽ നടത്തിയ റെയ്ഡ്

29 [1161] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധനകാര്യ വകുപ്പിന്റെ കീഴിലുള്ള വിവിധ നികുതി പിരിവ് ഏജൻസികളുടെ ഓഫീസിൽ എത്ര വിജിലൻസ് റെയ്ഡുകൾ നടത്തിയിട്ടുണ്ട്;

(ബി) റെയ്ഡുകൾ നടന്നതിന്റെ ഫലമായി സർക്കാരിന്റെ വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly